# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :30.08.2022

## പത്രക്കുറിപ്പ്

കേന്ദ്ര സർക്കാർ ഇലക്ട്രിസിറ്റി ആക്റ്റ്, 2003ന്റെ ഭേദഗതി ബിൽ 2022, ലോകസഭയിൽ 2022 ആഗസ്റ്റ് 8 ന് അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത ബില്ലിലെ കാതലായ ഭാഗം എന്നത് ഒന്നിലധികം വിതരണ ലൈസൻസികൾക്ക് ഒരേ പ്രദേശത്ത് ഒരേ വിതരണശൃംഖല വഴി വൈദ്യുതി വിതരണം ചെയ്യുന്നതാണ്. പുതിയ ലൈസൻസികളുടെ വിതരണ ശൃംഖലയും അതിനോടൊപ്പമുള്ള പ്രതിഷ്ഠാപനങ്ങളും വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്തികാണുന്നില്ല. പ്രസ്തുത മാറ്റം നിലവിലുള്ള ലൈസൻസികളുടെ പ്രകടന പ്രവർത്തന പരിപാലനത്തെ സാരമായി ബാധിക്കുന്നതായിരിക്കും. മാത്രമല്ല ഒരേ വൈദ്യുതി ശൃംഖല വഴി ഒന്നിലധികം ലൈസൻസികൾ വിതരണം നടത്തുമ്പോൾ ഊർജ്ജ അക്കൗണ്ടിംഗ്, മീറ്ററിംഗ്, മെയിന്റനൻസ് തുടങ്ങിയ വിഷയങ്ങളിൽ ലൈസൻസികൾ തമ്മിലുള്ള തർക്കങ്ങൾക്ക് വഴിവെയ്ക്കുന്നതാണ്. വിതരണ ശൃംഖലയിലെ പ്രസ്തുത മാറ്റം കൊണ്ടുവരാൻ ആവശ്യമായ സാങ്കേതിക സാമ്പത്തിക അടിസ്ഥാന സൗകര്യം ഇന്ത്യയിലെ വിതരണശൃംഖലകളിൽ ഇപ്പോൾ നിലവിൽ ഇല്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ പ്രസ്തുത ഇലക്ട്രിസിറ്റി ഭേദഗതി ബില്ലിന്മേലുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ ഇതിനകം അറിയിച്ചിട്ടുള്ളതാണ്.

സെക്രട്ടറി